ഹുസൈൻ രണ്ടത്താണി

ജമാഅത്തെ ഇസ്‌ലാമിയുടെ ദൈവരാജ്യം

ജമാഅത്തെ ഇസ്‌ലാമി എന്നപേരിൽ ഇന്ത്യയിലും പാകിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീ ലങ്ക എന്നീ രാജ്യങ്ങളിലും പ്രവർത്തിക്കുന്ന സംഘം അബുൽ അഅ്‌ലാ മൗദൂദിയുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടതാണ്. മററ് രാജ്യങ്ങളിലെല്ലാം തീവ്രമായ നിലപാടുകൾ സ്വീകരിക്കുകയും പലപ്പോഴും ഭീകര പ്രവർത്തനങ്ങളിലും മുഴുകുന്നുണ്ടെങ്കിലും സമാധാനപരമായ നിലപാടുകളാണ് ഇന്ത്യയിൽ സ്വീകരിച്ചു കാണുന്നത്. എന്നാൽ ആറെസ്സെസ്സിനെപ്പോലെ താത്വികമായി ഇന്ത്യയുടെ ഭരണഘടനയേയോ ജനാധിപത്യ വ്യവസ്ഥിതിയേയോ ജമാഅത്ത് അംഗീകരിച്ചില്ല. തങ്ങളുടെ ലക്ഷ്യം നിറവേററുന്നതിനുള്ള ഒരു മാർഗമായി മാത്രം അവ അംഗീകരിക്കുകയും അടിസ്ഥാനപരമായി ഒരു മത രാജ്യം സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് സംഘടനയുടെ ലക്ഷ്യം. സംഘത്തിന്റെ അനൗദ്യോഗിക വിദ്യാർഥി സംഘടനയായിരുന്ന സിമി (സ്ററുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) അടിസ്ഥാന ആശയങ്ങളിൽ തന്നെ ഉറച്ചു നിന്ന് മററ് രാജ്യങ്ങളിലെ ജമാഅത്തെ ഇസ്‌ലാമിയെ പോലെ മതരാഷ്ട്രത്തിന് വേണ്ടി തീവ്രമായി രംഗത്ത് വന്നു. എന്നാൽ അത്തരം നീക്കത്തിന് ഇന്ത്യയിൽ സമയമായില്ല എന്ന് ജമാഅത്ത് വിശ്വസിക്കുന്നു. അതാണ് ജമാഅത്തുമായി സിമിക്ക് ബന്ധം വേർപ്പെടുത്തേണ്ടി വന്നത്. ജമാഅത്ത് തങ്ങളുടെ ഇംഗീതത്തിനൊത്ത് പ്രവർത്തിക്കാൻ എസ്.ഐ.ഒ എന്ന വിദ്യാർഥ സംഘടന രൂപീകരിക്കുകയും ചെയ്തു.

ജമാഅത്തെ ഇസ്‌ലാമിയെ ഇന്ത്യയിലോ, ലോകത്തോ മററ് മുസ്‌ലിം സംഘടനകളൊന്നും അംഗീകരിക്കുന്നില്ല എന്ന് മാത്രമല്ല, പാരമ്പര്യ മുസ്‌ലിം വിഭാഗങ്ങൾ അതിനെ ശക്തമായി തന്നെ എതിർക്കുകയും ചെയ്യുന്നു. മററ് രാജ്യങ്ങളിൽ ജമാഅത്തെ പലപ്പോഴും തീവ്ര വാദ സംഘടനകളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്. മുസ്‌ലിംകൾക്ക് നേതൃത്വം നല്കുന്ന ഉലമാ നേതൃനിരയുടെ വിധി പ്രകാരം ജമാഅത്ത് നേരായ ദിശയിൽ നിന്ന് വ്യതിചലിച്ച പ്രസ്ഥാനമാണ്. മതരാഷ്ട്ര വാദം ലക്ഷ്യമാക്കുന്നതിനാൽ മത നിരപേക്ഷ സംഘടനകളും ജമാഅത്തിനെ എതിർക്കുന്നു. ആറെസ്സെസ്സിനെ പോലെ ഇന്ത്യയിലെ ജമാഅത്ത് അക്രമമാർഗങ്ങൾ സ്വീകരിക്കുന്നില്ലെങ്കിലും ആശയ കാര്യത്തിൽ ആറെസ്സെസ്സിന്റെ മുസ്‌ലിം പതിപ്പായാണ് ബുദ്ധി ജീവികൾ ജമാഅത്തിനെ വിലയിരുത്തുന്നത്. പാകിസ്ഥാനിലും ബംഗ്ലാദേശിലും ജമാഅത്ത് രാഷ്ട്രീയ രംഗത്ത് പ്രത്യക്ഷത്തിൽ പങ്കെടുക്കുന്നുവെങ്കിലും പ്രത്യേകമായമായ നയമാണ് ഇന്ത്യയിൽ സ്വീകരിച്ചത്. എന്നാലും ആറെസ്സെസ്സിന്റെ ചുവടൊപ്പിച്ച് കൊണ്ട് ജമാഅത്തിനെ രണ്ടു തവണ ഇന്ത്യയിൽ നിരോധിച്ചിരുന്നു. ആറെസ്സെസ്സും, ജമാഅത്തേയും പരസ്പരം ഒരു തരത്തിലും യോജിക്കുകില്ലെങ്കിലും അടിയന്തിരാവസ്ഥയെ ജയിൽ വാസത്തെ തുടർന്ന് ഇരു കൂട്ടരും യോജിക്കുകയും കോൺഗ്രസിനെ താഴെയിറക്കാൻ ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്തു. ഇരു കൂട്ടരുടേയും മത രാഷ്ട്രവാദം ജനങ്ങളെ വഞ്ചിക്കാനാണെന്ന് ബോധ്യപ്പെടാൻ ഇത് സഹായകമായി.

**അബുൽ അഅ്‌ലാ മൗദൂദി**

ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ മൗദൂദി സാഹിബ് സമ്പന്നമായ ചുററുപാടിൽ നിന്ന് വളർന്ന വ്യക്തിയാണ്. ഹൈദരാബാദിലെ ഔറംഗാബാദിൽ 1903ലാണ് ജനിച്ചത്. മുഗളൻമാരെയും നൈസാമുമാരെയും സേവിച്ച ഒരു സയ്യിദ് കുടുംബമായിരുന്നു മൗദൂദിയുടേത്. ആദ്യം ആധുനികനായിരുന്ന പിതാവ് അഹ്മദ് ഹസൻ പില്കാലത്ത് സൂഫിയായാണ് ജീവിച്ചത്. മൗദൂദി വീട്ടിൽ വച്ചാണ് ഭാഷയും മത കർമങ്ങളുമൊക്കെ പഠിച്ചത്. പതിനൊന്നാം വയസ്സിൽ ഓറിയന്റൽ ഹൈസ്കൂളിൽ (മദ്റസെ ഫൗഖാനിയ മശ്‌രിഖിയ്യ)പഠിച്ചു. പിന്നീട് അലിഗഢിൽ നിന്ന് പാശ്ചാത്യൻ ചിന്തകൾ പഠിച്ചു. ഇവിടെ ബ്രിട്ടീഷ് ഇസ്‌ലാമിക എഴുത്തുകാരൻ തോമസ് ആർണോൾഡായിരുന്നു പ്രധാന ഗുരു. പിന്നീട് കുറച്ചു കാലം മാത്രം ഹൈദരാബാദ് ദാറുൽ ഉലൂമിൽ പഠിച്ചെങ്കിലും പിതാവിന്റെ രോഗാവസ്ഥ കാരണം ഔപചാരിക വിദ്യാഭ്യാസം മതിയാക്കേണ്ടി വന്നു. ഭോപ്പാലിലെ

താമസത്തിനിടക്ക് കുറച്ചു കാലം മത പരിത്യാഗിയായ കവി നിയാസ് ഫരേ പംരിയുമായി ചങ്ങാത്തം സ്ഥാപിച്ചു.

ഡൽഹിയിൽ വന്നതിന് ശേഷം സർസയ്യിദിന്റെ കൃതികൾ വായിച്ചു. ഒപ്പം ഇംഗ്ലീഷിലും നല്ല പരിജ്ഞാനം നേടി. സർ സയ്യിദിനെ പോലെ പാശ്ചാത്യ സംസ്കാരം മികവുററതാണെന്ന് വിശ്വസിച്ചു. എന്ത് കൊണ്ട് പടിഞ്ഞാറിന്റെ രഹസ്യം മനസിലാക്കാൻ ഇന്ത്യയിലെ മത പണ്ഡിതൻമാർ ഇംഗ്ലണ്ടിൽ ചെല്ലുന്നില്ലാ എന്നദേഹം പരിതപിച്ചു. (*തജ്ദീദ് വൊ ഇഹ്‌യാഉദ്ദീൻ,തർജുമാനിൽ ഖുർആൻ,* നവംബർ ഡിസംബർ, 1940,,*345*). ഇത് സംബന്ധിച്ചെഴുതിയ ലേഖനത്തിൽ മുസ്‌ലിംകൾ പാഠമുൾക്കൊള്ളേണ്ട തത്വചിന്തകൻമാരെയും അദ്ദേഹം പരിചയപ്പെടുത്തി. തന്റെ വീക്ഷണങ്ങളൊക്കെ തെററായിരുന്നുവെന്ന് പിന്നീട് മൗദൂദി തന്നെ എഴുതി: ''എന്റെ അജ്ഞാന കാലത്ത് പഴയതും പുതിയതുമായ തത്വചിന്തയും, ശാസ്ത്രവും, ചരിത്രവും, സാമ്പത്തിക ശാസ്ത്രവും രാഷ്ട്രീയവും ഒക്കെ ഞാൻ വായിച്ചു. ഒരു ലൈബ്രറിയെ തന്നെ ഞാൻ വായിച്ചു ദഹിപ്പിച്ചു. എന്നാൽ തുറന്ന കണ്ണുകളോടെ ഖുർആൻ വായിച്ചപ്പോൾ ദൈവമാണ് സത്യം, ഞാൻ വായിച്ചതൊന്നും ഒന്നുമല്ലാ എന്നെനിക്ക് ബോധ്യമായി. ഇപ്പോൾ എനിക്ക് ജ്ഞാനത്തിന്റെ ഖനി തന്നെ കിട്ടി. കാന്റും, ഹെഗലും, മാർക്സും മററു ചിന്തകൻമാരും എല്ലാം വെറും കുട്ടികളാണെന്ന് എനിക്ക് തോന്നി.'' (അബുൽ ഹസൻ അലി, *പുരാനാ ചിറാഗ്*, വാള്യം 2, ലക്നൗ).

ബോൾഷെവിക് വിപ്ലവത്തെ തുടർന്ന് മൗദൂദി മാർക്സിസവുമായും അടുത്തു. ഡൽഹിയിലെ കമ്യൂണിസ്ററകാരനായിരുന്ന അബ്ദുൽ സത്താർ ഖൈരിയായിരുന്നു അക്കാലത്തെ തന്റെ ഗുരു. ഖൈരി മോസ്കോയിലെ ബോൾഷെവിക് പ്രചാരക സമിതിയുടെ ഇന്ത്യയിലെ പ്രതിനിധിയായിരുന്നു. മൗദൂദിയുടെ ഭാര്യാസഹോദരൻ ഷഹീദ് സംദിയും ഒരു കമൂണിസ്ററുകാരനായിരുന്നു.ഷഹീദ് ഒരു യൂണിവേഴ്സിററി ടീച്ചർ കൂടിയാണ്. ഇദ്ദേഹം മാർക്സിന്റെ ഒരു കൃതി ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തയാളാണ്. ഡൽഹിയിലെ ബുദ്ധി ജീവികളുമായുള്ള ബന്ധം തന്നെ തികഞ്ഞ പരിഷ്കാരിയാക്കിയെങ്കിലും 1930കളുടെ അവസാനത്തിൽ അദ്ദേഹം ഇസ്‌ലാം മതത്തിൽ ആകൃഷ്ടനായി തുടങ്ങി. അക്കാലത്ത് ഇസ്‌ലാം മത പണ്ഡിതൻമാർ വലിയ താടി വളർത്തുന്നവരാണ്. എന്നാൽ ഒരു മോഡേണിസ്ററായ മൗദൂദി പേരിനൊരു താടി വച്ചത് പണ്ഡിതൻമാരുടെ വിമർശനത്തിന് കാരണമായി. അങ്ങനെയൊരു നിഷ്കർഷയൊന്നുമില്ലാ എന്ന് അദ്ദേഹം വാദിക്കുകയും ചെയ്തു. 1941ൽ ജമാഅത്തെ ഇസ്‌ലാമിക്ക് രൂപം കൊടുത്ത ശേഷം താടി പ്രശ്നം വീണ്ടും പൊന്തി വന്നു . മൗദൂദി താടി നീട്ടാത്തതിന്റെ പേരിൽ മൻസൂർ നുഅ്മാനി സംഘടനയിൽ നിന്ന് രാജിവച്ചു. 1930കളിൽ സിനിമയും സംഗീതവും എല്ലാം ആസ്വദിക്കുന്ന കൂട്ടത്തിലായിരുന്നു അദ്ദേഹം. ഇംഗ്ലീഷ് വേഷമാണ് സ്വീകരിച്ചതും. എന്നാൽ ഇസ്‌ലാമിസത്തിലേക്ക് വന്നപ്പോൾ ഇതിനെയൊക്കെ അദ്ദേഹം രൂക്ഷമായി തന്നെ എതിർത്തു. എല്ലാം നിഷിദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു (ഇർഫാൻ അഹ്മദ്, *ഇസ്‌ലാമിസം ആന്റ് ഡെമോക്രസി ഇൻ ഇന്ത്യ,* ന്യൂ ജെഴ്സി, 1974, 54)

പാശ്ചാത്യ സംസ്കാരത്തിൽ ആകൃഷ്ടനായ കാലത്താണ് അദ്ദേഹം പച്ചപ്പരിഷ്കാരിയായ മഹ്മൂദാ ബീഗത്തെ വിവാഹം ചെയ്യുന്നത്. ഭാര്യാ പിതാവ് അക്കാലത്തെ വലിയ ധനികന്റെ മകളാണ്. ക്വീൻസ് മേരി സ്കൂളിലാണ് ബീഗം പഠിച്ചത്. ഇവർ പർദ ധരിക്കാത്തത് കൂടിയാണ് തന്നെ ജമാഅത്തിൽ നിന്ന് രാജി വയ്ക്കാൻ നിർബന്ധിതനാക്കിയത് എന്ന് മൻസൂർ നുഅ്മാനി പറയുന്നു. ക്വീൻസ് മേരി വിദ്യാലയത്തിൽ പഠിച്ചതും അക്കാലത്ത് വിമർശിക്കപ്പെട്ടിരുന്നു.

**കോൺഗ്രസിലേക്ക്**

1920കളിൽ ദേശീയ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി മൗദൂദി കോൺഗ്രസ് പാർട്ടിയിൽ ചേർന്നു. ഖിലാഫത് പ്രസ്ഥാനത്തിലും സത്യാഗ്രഹങ്ങളിലും മൗദൂദി പങ്കെടുത്തു. ഗാന്ധിജിയെ കുറിച്ച് അദ്ദേഹം എഴുതിയ ലഘുലേഖ ബ്രിട്ടീഷധികാരികൾ കണ്ടു കെട്ടിയിരുന്നു. 1919ൽ ഇന്ത്യയിലെ ഹിന്ദു വർഗീയ രാഷ്ട്രീയത്തിന്റെ ഉപജ്ഞാതാക്കളിലൊരാളും കോൺഗ്രസുകാരനുമായിരുന്ന മദൻ മോഹൻ മാളവ്യയെ കുറിച്ച് മൗദൂദി ഒരു ജീവ ചരിത്രമെഴുതി. ഇന്ത്യ എന്ന കപ്പലിന്റെ കപ്പിത്താൻ എന്നാണ്

പുസ്തകത്തിൽ മാളവ്യയെ അദ്ദേഹം വിശേഷിപ്പിച്ചത്. മാളവ്യയെ അനുകരിക്കാൻ അദ്ദേഹം മുസ്ലിംകളോടഭ്യർഥിച്ചു. അദ്ദേഹം ഹിന്ദുക്കളുടെ നേതാവ് മാത്രമല്ല; മുസ്ലിംകളും മാളവ്യയെ പിന്തുടരുന്നു (മൗദൂദി, *പണ്ഡിററ് മദൻ മോഹൻ മാളവ്യ*, ഹിന്ദി, പററ്ന, 1919,13). കോൺഗ്രസിന്റെ പക്ഷത്ത് സജീവമായിരുന്ന ജംഇയ്യത്തുൽ ഉലമാ ഹിന്ദിന്റെ മുഖ പത്രമായ *മുസ്ലിമി*ന്റെ എഡിററായി അദ്ദേഹം ചാർജെടുത്തു. 1924 ൽ ഇതേ സംഘടനയുടെ പുതിയ മുഖ പത്രമായ *അൽ ജംഇയ്യത്തി*ന്റെ എഡിററായി.

ഹിന്ദു താല്പര്യങ്ങളുമായുള്ള കോൺഗ്രസിന്റെ അമിത ബാന്ധവമാണത്രേ, മൗദൂദി സാഹിബിനെ കോൺഗ്രസിൽ നിന്ന് അകലാൻ പ്രേരിപ്പിച്ചത്. കോൺഗ്രസിന്റെ നേതൃ സ്ഥാനത്തെത്താൻ അദ്ദേഹം കൊതിച്ചതാണ്. പക്ഷേ മുസ്ലിം നേതാക്കളെ കോൺഗ്രസ് കാര്യമായി പരിഗണിച്ചില്ല. ഇക്കാര്യം അദ്ദേഹം പരസ്യമായി തന്നെ പറഞ്ഞു(*തർജുമാൻ*, 1938, മാർച്ച്, 165). മൗദൂദി താമസിയാതെ ജംഇയ്യത്തുൽ ഉലമാ ഹിന്ദിനോടും കോൺഗ്രസിനോടും വിട പറഞ്ഞു. 1928ൽ ഡൽഹിയിൽ നിന്ന് മൗദൂദി ഹൈദരാബാദിലേക്ക് തന്നെ താമസം മാററി. അവിടെ ഏതാനും വർഷം ഇസ്ലാമിക സാഹിത്യങ്ങളിൽ ആകൃഷ്ടനായി കഴിഞ്ഞു. ഇസ്ലാമിക വിദ്യാഭ്യാസം മുച്ചൂടും മാററാനൊരു പദ്ധതി അദ്ദേഹം ഹൈദരാബാദ് നൈസാമിന്റെ മുമ്പിൽ വച്ചു. നൈസാം അതിൽ താല്പര്യമൊന്നും കാണിച്ചില്ല. 1932ൽ അദ്ദേഹം *തർജുമാനിൽ ഖുർആൻ* എന്ന ഒരു ജർണൽ തുടങ്ങി. ഇസ്ലാമിനെ യുക്തിപരമായി അവതരിപ്പിക്കുകയായിരുന്നു ജർണലിന്റെ ലക്ഷ്യം. അതിൽ ആദ്യം രാഷ്ട്രീയം കാര്യമായി കൈകാര്യം ചെയ്തില്ല. 1938ൽ ഇഖ്ബാലിന്റെയും സമീന്ദാറായ അലിയുടേയും ക്ഷണമനുസരിച്ച് പഞ്ചാബിലെത്തി. അവിടെ ദാറുൽ ഇസ്ലാം എന്നൊരു സ്ഥാപനമുണ്ടാക്കലാണ് ലക്ഷ്യം. അപ്പോഴേക്കും മൗദൂദി സാഹിബ് രാഷ്ട്രീയത്തിലിടപെടാൻ തുടങ്ങിയത് അലിക്ക് രസിച്ചില്ല ഇക്കാരണത്താൽ ഒരു വർഷത്തിനകം തന്നെ മൗദൂദി പഞ്ചാബ് വിട്ടു.

കോൺഗ്രസ് മുസ്ലിംകളെ നിരന്തരമായി അവഗണിക്കുകയും ഹിന്ദു മഹാ സഭയുടെ ഇംഗീതത്തിനൊത്തു നീങ്ങുകയയും ചെയ്തത് മുസ്ലിം ലീഗിന്റെ വളർച്ചക്ക് കാരണമായി. തങ്ങൾ ഹിന്ദുക്കളേയും മുസ്ലിംകളേയും പ്രതിനിധാനം ചെയ്യുന്ന പാർട്ടിയാണ് എന്ന് സ്ഥാപിക്കാൻ ഒരു മുസ്ലിം സമ്പർക്ക പരിപാടിയുമായി കോൺഗ്രസ് പുറപ്പെട്ടു. ഇത് കാര്യമായി ഏശിയില്ല. മൗദൂദി പരസ്യമായി സമ്പർക്ക പരിപാടിക്കെതിരെ തന്റെ തർജുമാനിൽ അച്ചു നിരത്തി. മുസൽമാൻ ഔർ മൗജൂദ സിയാസി കശ്മകശ് എന്ന പേരിൽ ഒരു ലേഖന പരമ്പര തന്നെ പ്രസിദ്ധീകരിച്ചു. ഇത് പിന്നീട് മൂന്ന് വാള്യങ്ങളുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചു. താൻ ഒരു ഹിന്ദുസ്ഥാനിയും മുസൽമാനുമാണെന്നെഴുതിയ മൗദൂദി സാഹിബ് ഹിന്ദുസ്ഥാനിയെന്ന നിലക്ക് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി താൻ നില കൊള്ളുന്നുവെന്നും മുസൽമാനെന്ന നിലക്ക് അവരുടെ വ്യക്തിത്വത്തെപ്പററി താൻ ആശങ്കാകുലനാണെന്നും എഴുതി. കോൺഗ്രസിനെ പൊതുവായും നെഹ്റുവിനെ പ്രത്യേകമായും അദ്ദേഹം കണക്കിന് വിമർശിച്ചു. മുസ്ലിം വ്യക്തിത്വത്തെ തുടച്ചു നീക്കാനാണ് സമ്പർക്ക പരിപാടിയിലൂടെ കോൺഗ്രസ് ശ്രമിക്കുന്നതെന്ന് അദ്ദേഹം എഴുതി. . ഹിന്ദുക്കൾ ഭൂരിപക്ഷമുള്ളതിനാൽ ഒരു ജനാധിപത്യ ഭരണത്തിൽ മുസ്ലിംകളുടെ വ്യക്തിത്വം തുടച്ചു മാററപ്പെടുമെന്ന് അദ്ദേഹം സോദാഹരണം സമർഥിച്ചു. കോൺഗ്രസിന് ഭരണം ലഭിച്ചാൽ അത് രാഷ്ട്രീയ ശുദ്ധി കർമത്തിന് വഴി തെളിയിക്കുമെന്നും മുസ്ലിംകൾ നിർബന്ധിതരായി ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുമെന്നും അദ്ദേഹം നിരീക്ഷിച്ചു. കോൺഗ്രസ് ഹിന്ദുക്കളേയും മുസ്ലിംകളേയും പ്രതിനിധാനം ചെയ്യുന്നുവെന്ന അവകാശ വാദത്തേയും മൗദൂദി എതിർത്തു. കോൺഗ്രസിലെ ഹിന്ദു മഹാസഭാ നേതാക്കളെക്കുറിച്ചും മുസ്ലിം വിരുദ്ധ കലാപങ്ങളിൽ അവർ വഹിച്ച പങ്കിനെ കുറിച്ചും വിശദീകരിച്ചു. ഹിന്ദു രാജ്യം സ്ഥാപിക്കലാണ് കോൺഗ്രസിന്റേയും മുസ്ലിം ലീഗിന്റേയും അന്തിമ ലക്ഷ്യമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. (*സിയാസി കശ്മകശ്*, 1938, വാള്യം 2. 61). കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ എപ്രകാരമാണ് ഹിന്ദു സംസ്കാരം ആവേശിപ്പിക്കുന്നതെന്ന് മൗദൂദി വിശദീകരിച്ചു.ഇസ്ലാമിക ദേശീയതയെ ഒഴിവാക്കി ഹിന്ദു ദേശീയത സ്ഥാപിക്കലാണ് കോൺഗ്രസിന്റെ വാർദ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യമെന്നും ആരോപിച്ചു. ഈ പദ്ധതി പ്രകാരമുള്ള സ്കൂളുകൾക്ക് വിദ്യാ മന്ദിർ എന്നാണ് പേരെന്നും അത് ക്ഷേത്രത്തെ (മന്ദിർ) സൂചിപ്പിക്കുന്നുവെന്നും സമർഥിച്ചു (174). അവിടെ മുസ്ലിംകളും ഹിന്ദുക്കളെ

പ്പോലെ ധോത്തി ധരിക്കണമെന്നും  കൈകൂപ്പി വന്ദേ മതേതരം പാടുന്നുവെന്നും കുററപ്പെടുത്തി. പൗരസ്ത്യ വിദ്യാഭ്യാസം ഇല്ലാതാക്കിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ മെക്കോളെയെക്കാളും ചീത്ത വ്യക്തിയാണ് വാർദാ പദ്ധതിയുടെ ഉപഞ്ജാതാവ് സക്കീർ ഹുസൈനെന്ന് മൗദൂദി വിമർശിച്ചു  . സംസ്കൃത വത്കരിച്ച ഹിന്ദി വിദ്യാർഥികളിൽ അടിച്ചേല്പിച്ചതും, ഉർദുവിനെ തമസ്ക്കരിക്കുന്നതും ഹിന്ദു രാജിലേക്കുള്ള കാൽവെപ്പുകളായി മൗദൂദി ചൂണ്ടിക്കാട്ടി (അതേ പുസ്തകം, 6290)

മൗദൂദിയുടെ രോഷം കോൺഗ്രസ് പക്ഷത്തെ മുസ്‌ലിം നേതാവ് മൗലാനാ അസദ് മദനിയോടും പതഞ്ഞു പൊങ്ങി. കോൺഗ്രസുമായി സഹകരിക്കുന്നത് ഇസ്‌ലാമിക ദൃഷ്ട്യാ എതിരല്ലെന്ന് മദനി പ്രഖ്യാപിച്ചിരുന്നു.  കോൺഗ്രസിനോട് സഹകരിക്കുന്നവരായിരുന്നു മിക്ക മുസ്‌ലിംകളും അന്ന്. ഈ മുസ്‌ലിം നേതാക്കളെ 'ശുദ്ധി കർമത്തിന് നേതൃത്വം നല്കുന്ന ഹിന്ദു നേതാക്കൾക്കൊപ്പമുള്ള മുസ്‌ലിം പട്ടാളക്കാർ' എന്നാണ് മൗദൂദി മുദ്ര കുത്തിയത്.(7377).ഖുർആൻ ദുർവ്യാഖ്യാനം ചെയ്തയാളാണ് മദനിയെന്ന് മൗദൂദി, മദനിയെ കുററപ്പെടുത്തി. ഇന്ത്യയുടെ ദേശീയത അവിശ്വാസവും (കുഫ്ർ) അവിവില്ലായ്മയു (ജാഹിലിയ്യത്)മാണെന്നാണ് മൗദൂദി പറഞ്ഞത്. ദേശീയതയുടെ അടിസ്ഥാനം മതമാണെന്നും മുസ്‌ലിംകൾ ഹിന്ദുക്കളെപ്പോലെ തന്നെ വേറിട്ടൊരു രാഷ്ട്രമാണെന്നും മൗദൂദി പ്രസ്താവിച്ചു. (112). ഇന്ത്യ ഹിന്ദു, മുസ്‌ലിം ,സിക്ക്, അധഃസ്ഥിതർ  തുടങ്ങിയവർ അടങ്ങുന്ന വ്യത്യസ്ത രാഷ്ട്രങ്ങളാണെന്ന വിഘടന പരമായ വാദവും അദ്ദേഹം ഉയർത്തി. മുസ്‌ലിം പ്രശ്നം പരിഹരിക്കാൻ ഇന്ത്യയെ ഒരു ഫെഡറൽ സ്റേററാക്കി മാററണമെന്ന അഭിപ്രായം അദ്ദേഹം പിന്നീട് ശരി വച്ചു. അതിൽ മുസ്‌ലിംകൾക്ക് സാംസ്കാരിക സ്വയം ഭരണം അനുവദിക്കുകയും വേണം. അങ്ങനെയാണെങ്കിൽ അവർക്ക് അവരുടെ വിദ്യാഭ്യാസവും സംസ്കാരവും പരിരക്ഷിക്കാമെന്നും അദ്ദേഹം പറഞ്ഞ  ിരുന്നു. മുസ്‌ലികളും അവരുടെ ഹിന്ദു അയൽവാസികളും തമ്മൽ സുന്തന്ദരാമയ ബന്ധങ്ങൾ കാത്തു സൂക്ഷിച്ചിഅതിനാൽ ഇവർ യോജിച്ചു കൊണ്ട് ഹിന്ദുസ്ഥാന് വേണ്ടി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞിരുന്നു. (207). എന്നാൽ കോൺഗ്രസ് ഫെഡറൽ സംവിധാനം ആവശ്യപ്പെട്ടപ്പോൾ മൗദൂദി അതംഗീകരിക്കാൻ തയാറായതുമില്ല. അപ്പോഴും മുസ്‌ലംികൾ തമസ്കരിക്കപ്പെടുമെന്ന ആശങ്ക അദ്ദേഹം പങ്കു വച്ചു.

**മുസ്‌ലിം ലീഗിൽ**

മുഹമ്മദലി ജിന്നയും കോൺഗ്രസ് ഭരണം മുസ്‌ലിംകളെ അവഗണിക്കുന്നുവെന്ന് വിശ്വസിച്ചയാളായിരുന്നു. കോൺഗ്രസിന്റെ പ്രവിശ്യാ ഭരണത്തിൽ ജിന്നക്ക് അത് വ്യക്തമാവുകയും ചെയ്തു. കോൺഗ്രസ് സർക്കാറുകൾ രാജിവച്ചത് മോചന ദിനമായി ആചരിച്ച മുസ്‌ലിം ലീഗ് മൗദൂദി സാഹിബുമായി ചങ്ങാത്തം സ്ഥാപിച്ചു. മുസ്‌ലിം ലീഗുമായി സഹകരിക്കണമെന്ന ആഗ്രഹം മൗദൂദിക്കുണ്ടായിരുന്നു. എന്നാൽ ജനാധിപത്യം മുന്നോട്ട് വച്ച ലീഗിന്റെ നയം അദ്ദേഹം ഇഷ്ടപ്പെട്ടില്ല. എന്തായാലും ലീഗുമായി സഹശരിക്കാനുള്ള മൗദൂദിയുടെ ശ്രമം തല്കാലം ഫലം കണ്ടു. 1937ലേയും 1938ലേയും ലീഗ് സമ്മേളനങ്ങളിൽ മൗദൂദിയുടെ  കശ്മകശ് എന്ന പുസ്തകം വിതരണം ചെയ്തു. നിരവധി മുസ്‌ലിംകൾ കോൺഗ്രസ് വിട്ട് മുസ്‌ലിം ലീഗിലെത്തി. മൗദൂദിയെ പേലൊരാളെ മുസ്‌ലിം ലീഗ് കാത്തിരിക്കയായിരുന്നു. കാരണം ആസാദും ജംഇയ്യത്തുൽ ഉലമാ ഹിന്ദും അടങ്ങുന്ന പണ്ഡിത നേതൃത്വം അപ്പാടെ കോൺസ്രസ് പക്ഷത്തായിരുന്നു. തങ്ങളുടെ അബുൽ കലാം ആസാദാണ് മൗദൂദിയെന്ന് ലീഗ് വൃത്തങ്ങൾ വിശേഷിപ്പിച്ചു (സയ്യിദ് റസാ വലി നസ്ർ, 1994, ദി വാൻഗാർഡ് ഓഫ് ഇസ്‌ലാമിക് റെവല്യൂഷൻ, ജമാഅത് ഇസ്‌ലാമി ഓഫ് പാകിസ്ഥാൻ, ബെർകിലി, 105).മൗദൂദിയുടെ ദ്വിരാഷ്ട്ര സിദ്ധാന്തം മുസ്‌ലിം ലീഗും പിന്നീട് അംഗീകരിച്ചു. അല്ലാമാ ഇഖ്ബാലും മററ് മുസ്‌ലിം നേതാക്കളും ഇതേ ആവശ്യം പല വിധത്തിലായി ഉന്നയിച്ചിരുന്നു. ഇന്ത്യയെ ഹിന്ദു ഭൂരിപക്ഷ സ്റേററുകളും മുസ്‌ലിം ഭൂരിപക്ഷ സ്റേററുകളുമായി വിഭജിച്ച് ഒരു ഫെഡറൽ ഭരണഘടനയിലൂടെ രാജ്യത്തെ നില നിറുത്തണമെന്നാണ് ഇഖ്ബാൽ ആവശ്യപ്പെട്ടത്. ഡോ. അംബേദ്കർ അടക്കമുള്ള പല മുസ്‌ലിമേതര നേതാക്കളും ഇതേ ആവശ്യം ഉന്നയിച്ചു. അല്ലാഹുവിന്റെ രാജ്യം സ്ഥാപിക്കാനുള്ള ഒരു പാർട്ടി വേണമെന്ന ആവശ്യം മൗദൂദി 1940 എപ്രിലിലെ തർജുമാനിൽ ഉന്നയിച്ചു. എഴുപത്തഞ്ച് വായനക്കാർ അനുകൂലമായി പ്രതികരിച്ചു. പിന്നീട് പ്രതികരണമൊന്നും ഉണ്ടായില്ല.

**ജമാഅത്തെ ഇസ്‌ലാമി**

പുതിയ പാർട്ടി ഉണ്ടാക്കാനുള്ള പദ്ധതികളൊക്കെ നേരത്തെ തന്നെ മൗദൂദി ആവിഷ്കരിച്ചിരുന്നു. 1941 ആഗസ്ററ് 11 ന് ലാഹോറിൽ മൗദൂദി പുതിയ സംഘടനയുടെ പ്രഖ്യാപനം നടത്തി. പേര് ജമാഅത്തേ ഇസ്‌ലാമി. അദ്ദേഹം തന്നെ തലവൻ (അമീർ). ദൈവിക ഭരണം (ഹുകൂമത്തെ ഇലാഹിയ്യ) സ്ഥാപിക്കലാണ് പാർട്ടിയുടെ ലക്ഷ്യമെന്നും അദ്ദേഹം പ്രസ്താവിച്ചു. (തർജുമാൻ, 1941, മെയ്: 179).ഇതോടെ മുസ്‌ലിം ലീഗും മൗദൂദിയും തമ്മിലുള്ള ബന്ധങ്ങളിൽ സങ്കീർണതകളുണ്ടായി. രണ്ടു കൂട്ടരും ഹിന്ദു മേധാവിത്തത്തിൽ നിന്നും രക്ഷപ്പെടണമെന്ന പക്ഷക്കാരാണ്. പക്ഷേ പുതിയ സ്റേററിന്റെ മാതൃക എങ്ങനെയാവണമെന്നതിലാണ് വിവാദം. ലീഗ് ആഗ്രഹിച്ചത് ഒരു മതേതര ജനാധിപത്യ സ്റേററാണ്. മൗദൂദിയാവട്ടെ ഒരു ഇസ്‌ലാമിക ഭരണമുള്ള രാജ്യവും. ഈ വാദങ്ങൾ തമ്മിൽ തർക്കം മൂത്തു. കോൺഗ്രസ്, ജമാഅത്തെ ഇസ്‌ലാമിയോടുള്ള സമീപനത്തിൽ അയവ് വരുത്തി രോഷം മുസ്‌ലിം ലീഗിനെതിരെ തിരിച്ചു. ലീഗിന്റെ മതേതര സ്റേററ് ഖുർആൻ അടിസ്ഥാനമാക്കിയുള്ളതല്ല എന്ന് മൗദൂദി വാദിച്ചു. ലീഗിന്റെ നേതാക്കളെല്ലാം പാശ്ചാത്യൻ രീതികളെ ആശ്രയിക്കുന്നവരാണെന്നും ഒരു ഇസ്‌ലാമിക സ്റേററ് രൂപീകരിക്കാൻ അവരെക്കൊണ്ട് കഴിയില്ലെന്നും മൗദൂദി കുററപ്പെടുത്തി. മുസ്‌ലിംകൾ ആംഗ്ലോ ഇന്ത്യൻ വേശ്യകളെ ആശ്രയിക്കുന്നതിന് പകരം മുസ്‌ലിം വേശ്യകളെ തേടി പോവണമെന്ന ആവശ്യം ഉന്നയിക്കുന്നത് പോലെയാണ് മുസ്‌ലിം ലീഗ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പരിഹസിച്ചു (ഇർഫാൻ അഹ്മദ്, 82). 'ഖാഇദേ അഅ്സം (ജിന്ന) തൊട്ട് സാധാരണ മുസ്‌ലിം ലീഗുകാർക്ക് വരെ ഒരു ഇസ്‌ലാമിക വീക്ഷണവുമില്ല. അപ്രകാരം അവർ രാഷ്ട്രീയത്തെ കാണുന്നുമില്ല. മുസ്‌ലിമാവുക എന്നതിനെ കുറിച്ചോ അതിന്റെ പ്രത്യേക പദവിയെ കുറിച്ചോ ഒന്നും ലീഗുകാർക്കറിയില്ല' (സിയാസീ കശ്മകശ്, 3, 1942,109). ഇസ്‌ലാമിക സംസ്കാരത്തെ മുസ്‌ലിം ലീഗും കോൺഗ്രസും എതിർക്കുന്നു. ഈ സംസ്കാരത്തെ ഹിന്ദു രീതിയിൽ കൊല്ലണോ, ഹലാൽ രീതിയിൽ വേണോ എന്നതാണ് രണ്ടു പാർട്ടികളും തമ്മിലുള്ള വ്യത്യാസം. ഹിന്ദു രീതിയിൽ വധിക്കണമെന്ന് കോൺഗ്രസും ഹലാൽ രീതിയിലാവണമെന്ന് ലീഗും ആഗ്രഹിക്കുന്നു. കോൺഗ്രസ് വേദികളിലെ ഹിന്ദു സത്രീകളുടെ സാന്നിധ്യം മെഴുക് തിരി പോലെയാണ്. ഇതേ രീതിയിലാണ് മുസ്‌ലിം ലീഗ് വേദികളിലെ സ്ത്രീ സാന്നിധ്യവും. മുസ്‌ലിം ലീഗ് കോൺഗ്രസിനെ എതിർക്കുന്നത് ഭൗതികമായ താല്പര്യങ്ങളുടെ പേരിലാണ്. അസംബ്ലിയിൽ തങ്ങളുടെ പങ്ക് കിട്ടുന്നതിനും സൈന്യത്തിൽ പങ്ക് ലഭിക്കുന്നതിനുമൊക്കെയാണ്. ഇതൊന്നും ഇസ്‌ലാമിന്റെ കാര്യമല്ല. ശരീഅത്തടിസ്ഥാനത്തിലല്ലെങ്കിൽ ഒരു രാമദാസോ അബ്ദുല്ലയോ ഒരു സ്റേററ് നടത്തിയെന്ന് വച്ച് ഒരു വ്യത്യാസവുമില്ല. ശരീഅത്ത് അടിസ്ഥാനത്തിലാവുമ്പോഴേ പാകിസ്ഥാൻ (പുണ്യ ഭൂമി) അതിന്റെ ശരിയായ അർഥത്തിലുള്ള പുണ്യ ഭൂമിയാവുകയുള്ളു. ഭാവിയിലെ പാകിസ്ഥാൻ ഒരു നാ പാകിസ്ഥാൻ ( പുണ്യമല്ലാത്ത ഭൂമി) ആയിരിക്കും. (അതേ പുസ്തകം, 78-109)

പാകിസ്ഥാൻ പ്രസ്ഥാനത്തെ കാത്തിരുന്നു കാണുകയും അതേ സമയം ജമാഅത്തിനെ ശക്തിപ്പെടുത്തി പാകിസ്ഥാനെ ലീഗിൽ നിന്ന് തട്ടിയെടുക്കുകയുമായിരുന്നു മൗദൂദിയുടെ ഉദ്ദേശ്യം. ഒരു പാശ്ചാത്യനായ ജിന്നക്ക് മുസ്‌ലിം നേതാവാകാൻ കഴിയുമെങ്കിൽ താടിയും തൊപ്പിയും ധരിച്ച ഉർദു സംസാരിക്കുന്ന ഇസ്‌ലാമിക ജ്ഞാനമുള്ള ഒരാൾക്ക് അതിലും വലിയ നേതാവാകാൻ കഴിയുമെന്നാണ് മൗദൂദി ചിന്തിച്ചത്. 1945-46ലെ അസംബ്ലി തെരഞ്ഞെടുപ്പ് വന്നപ്പോൾ മുസ്‌ലിംകൾ ലീഗിന് വോട്ട് ചെയ്യരുതെന്ന് അദ്ദേഹം അഭ്യർഥിച്ചു. സെക്കുലറായ ഒരു പാർട്ടിക്ക് വോട്ട് ചെയ്താൽ ഏക ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെടും(*റസാഇൽ വൊ മസാഇൽ*, വാള്യം, 1, മർകസി മക്തബ, ഡൽഹി, വാള്യം 1, 304-6). മൗദൂദിയുടെ പ്രസ്താവം മുസ്‌ലിംകൾ അവഗണിച്ചു. തെരഞ്ഞെടുപ്പിൽ മുസ്‌ലിം മണ്ഡലങ്ങളിൽ ലീഗ് വലിയ വിജയം കരസ്ഥമാക്കി. മുസ്‌ലിംകളുടെ നേതൃസ്ഥാനത്തെത്താനുള്ള മൗദൂദിയുടെ ശ്രമം അതോടെ വിഫലമായി. ഇക്കാലത്ത് (1946) ജമാഅത്തെ ഇസ്‌ലാമിയുടെ ടംഗങ്ങളുടെ എണ്ണം കേവം 486 പേരാണ്. 1947 ജൂലൈയിൽ പാകിസ്ഥാന് വേണ്ടിയുള്ള ജനഹിത പരിശോധനയിൽ ലീഗിനൊപ്പം വോട്ട് ചെയ്യാൻ മൗദൂദി അഭ്യർഥിക്കുന്ന വിരോധാഭാസവും കണ്ടു. അതേ കുറിച്ച് ചോദിച്ചപ്പോൾ ലീഗിന് വോട്ട് ചെയ്തെന്ന് വച്ച് അതിന്റെ

വീക്ഷണങ്ങൾ അംഗീകരിക്കലല്ല എന്ന ന്യായമാണ് മൗദൂദി നിരത്തിയത്. പാകിസ്ഥാൻ പിറന്ന് രണ്ട് ആഴ്ചക്കകം മൗദൂദി സാഹിബ് ഇന്ത്യ വിട്ട് പാകിസ്ഥാനിലെ ലാഹോറിലേക്ക് താമസം മാററി.

**പാകിസ്ഥാനിൽ**

സ്റേററിനെ കുറിച്ച് പത്തൊമ്പതാം നൂററാണ്ടിലെ പണ്ഡിതൻമാർ രൂപപ്പെടുത്തിയ ആശയങ്ങളൊക്കെ കാലഹരണപ്പെട്ടുവെന്ന് മൗദൂദി പ്രസ്താവിക്കുന്നു. സാമ്പത്തികവും, വിദാഭ്യാസപരവും വ്യാവസായികവും, സാമൂഹികവുമായ ആശയങ്ങളൊക്കെ മാറിയിരിക്കുന്നു. ഇന്ന് മതത്തെ അടിസ്ഥാനമാക്കിയാണ് സ്റേററ് നില കൊള്ളേണ്ടത്. സ്റേററിലെ ചെറിയ കാര്യങ്ങൾക്ക് പോലും മതം അടിസ്ഥാനമാവണം. ഭക്ഷണം, വസ്ത്രം, വിവാഹം, കുട്ടികളെ വളർത്തൽ, സംസാര ഭാഷ  എന്നിവയിൽ പോലും മതത്തിന്റെ കാഴ്ചപ്പാടുകൾ അംഗീകരിക്കപ്പെടണണം( *തർജുമാൻ*, 1938 മാർച്ച് , 5). ഖുർആന് താൻ തന്നെ നല്കിയ വ്യാഖ്യാനത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം തന്റെ സ്റേററ് എന്ന ആശയത്തിന് രൂപം കൊടുക്കുന്നത്. തന്നെ എന്ത് കൊണ്ടാണ് ഉലമാ വിഭാഗം തങ്ങളിലൊരാളായി ഗണിക്കാത്തതെന്നും അദ്ദേഹം ചോദിക്കുന്നുണ്ട് (*തർജുമാൻ* 1941, മെയ് 216). ഖുർആനിലെ നാല് സംഞ്ജകളേയാണ് തന്റെ സ്റേററ് വാദത്തിന് അദ്ദേഹം അടിസ്ഥാനമാക്കിയത്. ഇലാഹ് (ദൈവം), റബ്ബ് (രക്ഷകൻ), ഇബാദത് (ആരാധന), ദീൻ (മതം). ഇവ സൂംബന്ധിച്ച ഖുർആൻ വചനങ്ങൾ വെളിപ്പെട്ട ഉടനെ അതിന്റെ വ്യാഖ്യാനങ്ങൾ മാററി മിറച്ചതായി മൗദൂദി സമർഥിച്ചു. അല്ലാഹു എന്നത് മനുഷ്യന്റെ സ്വകാര്യ ജീവിതവുമായി മാത്രം ബന്ധപ്പെട്ടതല്ല; രാഷ്ട്രീയവും ആത്മീയവുമായ എല്ലാ മേഖലകളേയും സ്പർശിക്കുന്നതാണ്. അല്ലാഹുവിനെ ആരാധിക്കുക എന്നാൽ ഭൗതികമായും രാഷ്ട്രീയമായും,ആത്മീയമായും അവനെ അനുസരിക്കലാണ്. അതിനാൽ അല്ലാഹു തന്നെയാണ് ഭരണാധികാരിയും, നിയമങ്ങളുണ്ടാക്കുന്നവനും. ഇത് വിട്ട് മറേറത് വ്യവസ്ഥയുടേയും പിന്നാലെ പോകുന്നത് അജ്ഞാനവും (ജാഹിലിയ്യത്), ശിർക്കും (ബഹുദൈവത്വം),ദൈവ നിഷേധ (കുഫ്ർ)വുമാണ്. ഒരാൾ താൻ ഭരണാധികാരിയാണെന്ന് പറഞ്ഞാൽ അതിനർഥം അവൻ ദൈവമാണെന്ന് പ്രഖ്യാപിക്കലാണ്. അപ്പോഴത് ബഹുദൈവത്വമായി മാറും. അത് കൊണ്ടാണ് ഇസ്ലാമല്ലാത്തഒരു വ്യവസ്ഥയേയും അംഗീകരിക്കാനാവില്ല എന്ന് പറയുന്നത്.ദൈവീകമല്ലാത്ത ഏതെങ്കിലും വ്യവസ്ഥയുമായി സഹകരിക്കുന്നതും ദൈവത്തെ അംഗീകരിക്കാത്തവരുമായി ഭരണത്തിൽ സഹകരിക്കുന്നതും ബഹുദൈവത്വമാണ്. അവരും വിഗ്രഹങ്ങളെ ആരാധിക്കുന്നവരും തമ്മിൽ ഒരു വ്യത്യാസവമില്ല-മൗദൂദിയുടെ വിശദീകരണം (മൗദൂദി, ഖുർആൻ കി ചാർ ബുൻയാദീ ഇസ്തിലാഹേം, മർകസി മക്തബ,1979,29). റബ്ബ് (രക്ഷകൻ) അല്ലാഹുവിന്റെ തന്നെ പര്യായമാണ്. റബ്ബ് എന്നാൽ സുൽതാൻ എന്നാണ് വിവക്ഷ,. അല്ലാഹു മാത്രമാണ് രാഷ്ട്രീയമായും സംരക്ഷകൻ. താഗൂത് എന്നാൽ സാധാരണ പറയും പോലെ പിശാച്, വിഗ്രഹം എന്നൊക്കെ മാത്രമല്ല അർഥം. ദൈവത്തിന്റേതല്ലാത്ത ഏത് വ്യവസ്ഥ പിന്തുടരുന്നതും താഗൂത് തന്നെയാണ്. താഗൂതിന്റെ അർഥത്തെ ഉലമകൾ ചുരുക്കി ക്കളഞ്ഞതാണ്. മൗദൂദിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനെ ആരാധിക്കുക താഗൂതിനെ നിരാകരിക്കുക എന്നാൽ തന്റെ വിഭാവന പ്രകാരമുള്ള ഒരു ശരീഅ ഭരണം കൊണ്ടു വരിക എന്നതാണ്. അല്ലാഹു എന്നത് വിവക്ഷിച്ച പോലെ തന്നെ ആരാധന എന്നാൽ ഇസ്ലാമിക രാഷ്ട്രീയ മേധാവിത്തം കൊണ്ടു വരിക എന്നതാണ്. പഞ്ചാബിലെ ഒരു പ്രസംഗത്തിൽ നമസ്കാരമടക്കമുള്ള ഇസ്ലാമിക അനുഷ്ഠാനങ്ങളെ സൈനിക പരിശീലനങ്ങളായാണ് മൗദൂദി വിശേഷിപ്പിച്ചത്: '' നമസ്കാരം, വ്രതം എന്നിവ അധികാരം നേടാനുള്ള പരിശീലനവും തയാറാവലുമാണ്. സർക്കാറുകൾ ജോലിയിലെടുക്കും മുമ്പ് പട്ടാളത്തിനും പോലീസിനും പരിശീലനം കൊടുക്കുന്നത് പോലെ ഇസ്ലാമും അപ്രകാരം ചെയ്യുകയാണ്. ആദ്യം ഇസ്ലാം ദൈവീക സേവനത്തിനുള്ള വളണ്ടിയർമാർക്ക് പരിശീലനം നല്കുന്നു. അങ്ങനെ അവരെ ജിഹാദിലൂടെ ഭൂമിയിൽ ദൈവ രാഷ്ട്രം സ്ഥാപിക്കാൻ അനുവദിക്കുന്നു. (തജ്ദീദ് വൊ ഇഹ്യാ എ ദീൻ, തർജമാനിൽ ഖുർആൻ, 1941,291)

ദൈവം എല്ലാ പ്രവാചകൻമാരെയും അയച്ചത് ദൈവീക രാജ്യം സ്ഥാപിക്കാനാണെന്ന് മൗദൂദി പ്രസ്താവിച്ചു. പ്രവാചകൻമാരെല്ലാം നേതാക്കളാണ്. യൂസഫ് നബിയുടെ ദൗത്യത്തെമുസ്സോളിനിയുടെ എകാധിപത്യത്തോടാണ് അദ്ദേഹം ഉപമിച്ചത് (സലാമത് കീ രാസ്താ, ലാഹോർ, 122). മുഹമ്മദ്

നബിക്ക് ശേഷം പ്രവാചകൻമാരില്ലാത്തതിനാൽ രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള ദൈവത്തിന്റെ പ്രതിനിധികളാണ് മനുഷ്യർ എന്നും മൗദൂദി പ്രസ്താവിച്ചു.

**ഇസ്‌ലാമും ജാഹിലിയ്യതും**

ചരിത്രത്തെ മൗദൂദി രണ്ടായി തരം തിരിക്കുന്നു. ഒന്ന് ഇസ്‌ലാമിന്റെ കാലം. രണ്ട് ഇസ്‌ലാമിന്റെ മുമ്പുള്ള അജ്ഞതയുടെ കാലം (ജാഹിലിയ്യത്ത്). ഇസ്‌ലാമിലില്ലാത്തതൊക്കെ അജ്ഞതയായാണ് അദ്ദേഹം വ്യാഖ്യാനിക്കുന്നത്. അതിനാൽ പാശ്ചാത്യനിസവും വിഗ്രഹാരാധനയും മററെല്ലാ വിശ്വാസങ്ങളും അജതയുടെ ഭാഗമാണ്. അതു കൊണ്ടും നിന്നില്ല. തങ്ങളുടെ ആശയങ്ങൾ അംഗീകരിക്കാത്ത മുസ്‌ലിംകളടക്കമുള്ളവരെ അജ്ഞതയുടേയും ബഹുദൈവത്വത്തിന്റേയും ആളുകളായാണ് അദ്ദേഹം മുദ്രയടിക്കുന്നത്. പാരമ്പര്യ ഇസ്‌ലാമുമായി ബന്ധപ്പെട്ട സൂഫിസം പോലും ബഹുദൈവത്വ (ശിർക്ക്)മാണ്. സൂഫിസം മനുഷ്യനെ വിധി സിദ്ധാന്തത്തിലേക്ക് (ഫാററലിസം)നയിക്കുന്ന കറുപ്പാണ്. സൂഫിസത്തെ തള്ളാൻ മൗദൂദി മാർക്സിന്റെ വാക്കുകൾ കടമെടുക്കുകയായിരുന്നു. അതിനാൽ തങ്ങളല്ലാത്ത, മുസ്‌ലിംകളൊക്കെ അജ്ഞൻമാരും (ജാഹിൽ), ബഹു ദൈവത്വം സ്വീകരിക്കുന്നവരുമാണെന്ന് മൗദൂദി. ഖുതുബ്, അബ്ദാൽ, ഗൗസ് (സൂഫി പദവികൾ) എന്നിവയെല്ലാം വിഗ്രഹനാമങ്ങളാണ്. വിശുദ്ധൻമാരുടെ ഖബറിടങ്ങൾ സന്ദർശിക്കുന്നതും അവിടെ അർച്ചകനകളർപ്പിക്കുന്നതുമെല്ലാം വിഗ്രഹാരാധനക്ക് തുല്യമാണ്. ഇത് ചെയ്യുന്നവരെ മുസ്‌ലിംകളായി പരിഗണിക്കാനൊക്കില്ല.

ചരിത്രത്തിന്റെ പരിണാമത്തിൽ ഇസ്ലമാിന്റെ പങ്കിനെ തള്ളിയ മാർകസിനേയും ഹെഗലിനേയും മൗദൂദി വിമർശിക്കുന്നു. അവരുടെ ആശയങ്ങൾ പ്രസക്തവുമല്ല. മാർക്സ് മതത്തെ തീരെ നിരാകരിക്കുകയാണെന്നും മൗദൂദി. മാർക്സിന്റെ സ്വാധീനത്തെ അദ്ദേഹം തള്ളുന്നില്ല. എന്നാൽ സത്യത്തിന്റെ ഒരു ഭാഗം മാത്രമേ അദ്ദേഹം കണ്ടുള്ളു. ഖുർആൻ വായിച്ചിരുന്നെങ്കിൽ മറു ഭാഗവും അദ്ദേഹം കണ്ടെത്തുമായിരുന്നു. സത്യവും അസത്യവും തമ്മിൽ നിരന്തര സമരം നടക്കുന്നുവെന്നതാണ് മാർക്സ് കണ്ടെത്തിയ ഒരു സത്യം. വൈരുദ്ധ്യങ്ങൾ തമ്മിൽ എപ്പോഴും സമരത്തിലായിരിക്കും(*തഫ്ഹീമാത്*, ഡൽഹി, 1999,271). ലോകം ഉദ്ഭവിച്ചപ്പോൾ അത് നേരായ മാർഗത്തിലായിരുന്നു. (സിറാതുൽ മുസ്തഖീം). പില്ക്കാലത്ത് തെററായ വഴിയിലേക്ക് ലോകം നീങ്ങിയതാണ്. ഹെഗലും മാർക്സും തെററായ വഴിയാണ് കണ്ടെത്തിയത്. നേരായ മാർഗം അവർ കണ്ടില്ല. ലോകത്ത് സത്യവും (ഹഖ്), മിഥ്യയും (ബാതിൽ) അഥവാ ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിൽ നിരന്തരാമയ ഏററുമുട്ടലുകൾ നടക്കുകയാണെന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. പ്രവാചകൻ മുഹമ്മദ് നബിയെ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കാൻ യത്നിച്ച മഹാ വിപ്ലവകാരിയായി മൗദൂദി വിശേഷിപ്പിക്കുന്നു. ഇനിയും രാഷ്ട്രം സ്ഥാപിക്കുക സാധ്യമാണ്. എന്നാൽ മുസ്‌ലിംകൾ പ്രത്യേകമായി ഒരു രാഷ്ട്രം (ഖൗം) എന്ന് പറയുന്നത് ശരിയാവില്ല. മുസ്‌ലിംകൾ ഒരു സംഘമാണ്. ഖുർആൻ മുസ്‌ലിംകളെ ഹിസ്ബുല്ലാ (അല്ലാഹുവിന്റെ പാർട്ടി) എന്നാണ് വിളിച്ചിട്ടുള്ളത്. ലോകത്ത് രണ്ട് പാർട്ടികളേ ഉള്ളു. ഒന്ന്: അല്ലാഹുവിന്റെ പാർട്ടി (ഹിസ്ബുല്ല), രണ്ട്: ചെകുത്താന്റെ പാർട്ടി (ഹിസ്ബു സാത്താൻ) (*തഫ്ഹീമാത്*, 1, 2001, 128)

മുസ്‌ലിം നാമമുള്ളവരെയെല്ലാം മുസ്‌ലിംകളെന്ന് വിളിക്കാനാവില്ല. 99 ശതമാനം മുസ്‌ലിംകൾക്കും ഇസ്‌ലാമിനെകുറിച്ചറിയില്ല. അവർ നിർമിത മുസ്‌ലിംകളാണ്. അവരെ കാനേഷ്മാരി മുസ്‌ലിംകൾ, ജനിച്ചവരായ മുസ്‌ലിംകൾ എന്നൊക്കെ മൗദൂദി വിളിക്കുന്നു. താൻ തന്നെ പുനർജനിക്കപ്പെട്ട മുസ്‌ലിമാണ് (സിയാസി കശ്മകശ്, 3, 1942, 15). ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് പോയാൽ ഭരണത്തിലേറുന്ന മുസ്‌ലിം പാർട്ടികളെല്ലാം ദൈവ നിഷേധമാണ് (കുഫ്റ്) മുന്നോട്ട് വയ്ക്കുന്നത്. മുസ്‌ലിം ലീഗ്, ജംഇയ്യത്തുൽ ഉലമ, അഹ്റാർ, ആസാദ് മുസ്‌ലിം കോൺഫറൻസ് തുടങ്ങിയ പാർട്ടികളെയാണ് മൗദൂദി വിലയിരുത്തിയത് (സിയാസി കശ്മകശ്, 3, 102). ഈ പാർട്ടികളുടെ അജണ്ടയിലൊന്നും ഇസ്‌ലാമിക സ്റേററിനെ കുറിച്ച് പറയുന്നില്ലാ എന്നതാണ് ഇവരിൽ മൗദൂദി കാണുന്ന ഏററവും വലിയ ന്യൂനത. ഒരു ജംഇയ്യത്തുൽ ഉലമാ പണ്ഡിതൻ കമ്യൂണിസ്ററ് വിപ്ലവത്തെ ന്യായീകരിക്കാൻ ഖുർആൻ വചനങ്ങളുപയോഗിച്ചതിനേയും മൗദൂദി ശക്തിയുക്തം എതിർത്തു. ഏത് മുസ്‌ലിം വിശ്വാസിയും ജമാഅത്തിൽ അംഗത്വം നേടുമ്പോൾ അവർ സത്യ സാക്ഷ്യം

(കലിമ)ചൊല്ലിയിരിക്കണം എന്ന നിബന്ധനയുണ്ടായിരുന്നു. ജമാഅത്തേ ഇസ്ലാമിയല്ലാത്ത ഏത് മുസ്ലിമും ശരിയായ മുസ്ലിമല്ലാ എന്നത് കൊണ്ടാണീ കലിമ ചൊല്ലുന്നത്. മുസ്ലിമല്ലാത്ത ഒരാൾ ഇസ്ലാം ആശ്ലേഷിക്കുമ്പോൾ എടുക്കുന്ന പ്രതിജ്ഞയാണ് കലിമ.

മൗദൂദിയുടെ വാദങ്ങളെ മുഴുവൻ മുസ്ലിം പണ്ഡിതരും ഒരേ സ്വരത്തിൽ എതിർത്തു. പരിത്യാഗപരമായ പ്രസ്താവങ്ങളിൽ നിന്ന് മൗദൂദി മാറി നില്ക്കണമെന്ന് പണ്ഡിതൻമാർ അഭ്യർഥിച്ചിട്ടും അദ്ദേഹം ഗൗനിച്ചില്ല. അതേ സമയം പലരും സംഘടനയോട് വിട പറഞ്ഞപ്പോൾ; അവർ മത പരിത്യാഗികളാണെന്ന് (മുർതദ്ദ്) അദ്ദേഹം വിധിച്ചു (*തർജുമാൻ,* 1941,ജൂൺ ആഗസ്ത്, 465). പണ്ഡിതനായ മൻസൂർ നുഅ്മാനി സംഘടനയോട് വിട പറഞ്ഞപ്പോൾ അദ്ദേഹത്തെ മത പരിത്യാഗി (മുർതദ്ദ്) എന്ന് മുദ്രയടിച്ചു. അനുഷ്ഠാനങ്ങൾ നിർവഹിക്കാത്ത മുസ്ലിം നാമ ധാരികളുമായി ബന്ധപ്പെടുന്നതിൽ നിന്ന് ജമാഅത്ത് അംഗങ്ങളെ വിലക്കി (സിയാസി കശ്മകശ്, 3, 180). അജ്ഞതക്കെതിരെ (ജാഹിലിയ്യത്)യുള്ള ജിഹാദ് സ്വഗ്രഹത്തിൽ നിന്ന് തുടങ്ങണമെന്ന് അഭ്യർഥിച്ചു.

**മത നിരപേക്ഷതക്കെതിരെ**

മത നിരപേക്ഷതയോട് അടുത്ത് പോകരുതെന്നും സെക്കുലർ ഡെമോക്രസിയിൽ പങ്കെടുക്കുന്നത് നിഷിദ്ധ (ഹറാം) മാണെന്നും മൗദൂദി പ്രഖ്യാപിച്ചു: 'ഈ യുഗത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന എല്ലാ ജനാധിപത്യ വ്യവസ്ഥകളും , അവയിൽ ഇന്ത്യയിലിപ്പോഴുള്ള അസംബ്ലികളും , ഭൗതിക കാര്യങ്ങളിൽ രാജ്യത്ത് വസിക്കുന്നവർക്ക് അവകാശപ്പെട്ടതും അവർക്ക് തന്നെ നിയമമുണ്ടാക്കാൻ അധികാരം നല്കുന്നവയുമാണ്. ഈ ആശയം ഇസ്ലാമിന് കടക വിരുദ്ധമാണ്. ജനങ്ങളുടെയും , മുഴുവൻ ലോകത്തിന്റേയും ഭരണാധികാരി അല്ലാഹുവാണെന്നാണ് ഇസ്ലാമിന്റെയും ഏക ദൈവ വിശ്വാസത്തിന്റേയും അവിഭാജ്യ ഘടകം. കല്പനകളും നിർദേശങ്ങളും നടപ്പാക്കുന്നത് ദൈവത്തിന്റെ ജോലിയാണ്. ഇസ്ലാമിക സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നിയമത്തിന്റെ ഉറവിടവും ജീവിതത്തിന്റെ സകല കാര്യങ്ങളുടെ അടിത്തറയും ദൈവീക ഗ്രന്ഥവും പ്രവാചകന്റെ പാരമ്പര്യവുമാണ്. എന്നാൽ മേൽ പറഞ്ഞ ജനാധിപത്യ സിദ്ധാന്തം അംഗീകരിക്കുന്നത്ഏക ദൈവത്വത്തിൽ നിന്ന് വ്യതി ചലിക്കുന്നതിന് തുല്യമാണ്. അതിനാൽ ഈ യുഗത്തിലെ ജനാധിപത്യ വ്യവസ്ഥയിലുള്ള പാർലിമെന്റുകളിലും അസംബ്ലികളിലും അംഗത്വം നേടുന്നത് ഹറാമാ (നിഷിദ്ധം)ണ്. അവർക്ക് വോട്ട് ചെയ്യുന്നതും ഹറാമാണ്. കാരണം വോട്ട് ചെയ്യുകയെന്നാൽ ഇവിടത്തെ ഭരണഘടനയനുസരിച്ച്  നിയമങ്ങളുണ്ടാക്കാനുള്ള വ്യക്തികളെ തിരഞ്ഞെടുക്കലാണ്. അത് പൂർണമായും ഏകദൈവ വിശ്വാസത്തിനെതിരാണ് (മൗദൂദി, *റസാഇൽ വൊ മസാഇൽ*, 1, ഡൽഹി, 1999 (1945), 304)

ഒരു മതേതര രാഷ്ട്രത്തിൽ അതിനെതിരെ ദാറുൽ ഇസ്ലാം (ഇസ്ലാം ഭരണം) സ്ഥാപിക്കാൻ പൊരുതുന്നില്ലാ എങ്കിൽ ആ രാജ്യത്ത് ശ്വാസം വലിക്കുന്നത് പോലും മുസ്ലിമിന് അനുവദനീയമല്ല (മുഹമ്മദ് യാഖൂബ് താഹിർ, *ജമാഅത് ഇസ്ലാമി പർ ഇൽസാമത് കാ ജായിസാ*, ഇദാറായെ ആദാബുൽ ഇസലാമി, പാകിസ്ഥാൻ, 18). ജമാഅത്തിന്റെ ഭരണ ഘടന പ്രകാരം അവിശ്വാസികളുടെ സർക്കാറിൽ സേവനം ചെയ്യുന്നതും ഹറാമാണ്. ഇതംഗീകരിക്കാത്ത ഉലമ (മത പണ്ഡിതൻമാർ)കൾ വലിയ പാപം ചെയ്യാൻ സർട്ടിഫിക്കററ് കൊടുക്കുകയാണ്. കമ്യൂണിസ്ററുകൾക്ക് ലെനിനിൽ വിശ്വാസമർപ്പിച്ച് കൊണ്ട് ഒരു വിപ്ലവമുണ്ടാക്കാമെങ്കിൽ എന്ത് കൊണ്ട് ഇസ്ലാമിൽ വിശ്വസിച്ച് കൊണ്ട് മുസ്ലികൾക്കങ്ങനെ സാധിച്ചു കൂടാ (*സിയാസീ കശ്മകശ്*, 3, 169). ജംഇയ്യത്തുൽ ഉലമാ ഹിന്ദിനെ മൗദൂദി കണക്കററ് വിമർശിച്ചു. അവർ പാഴായിപ്പോയ പാർട്ടിയാണ്. അതിന്റെ നേതാവ് അസദ് മദനി തന്നെത്തന്നെ ഹിന്ദുക്കൾക്ക് വിററിരിക്കയാണ്. കോൺഗ്രസിനെ പിന്തുണക്കുക വഴി ജംഇയ്യത്തുൽ ഉലമാ ഇസ്ലാമിനെ വധിക്കുകയാണ്. നിരന്തരം പാപങ്ങൾ ചെയ്യുകയാണ് (ഇർഫാൻ അഹ്മദ്, 73). ജമാഅത്ത് അംഗങ്ങൾ മൗദൂദിയുടെ നിർദേശമനുസരിച്ച് സർക്കാർ ഉദ്യോഗങ്ങൾ ഉപേക്ഷിച്ചു. അതിന് തയാറാകാത്തവർ ജമാഅത്തിനെ ഉപേക്ഷിച്ചു. ഇസ്ലാമിക സ്റേററിലല്ലാതെ സർക്കാർ ജോലി ചെയ്യാൻ പാടില്ലെന്നാണ് മൗദൂദി വിധിച്ചത്.

നിലവിലുള്ള ആധുനിക വിദ്യാഭ്യാസത്തെ നഖഃശിഖാന്തം എതിർത്ത മൗദൂദി സാഹിബ്  മദ്രസാ സമ്പ്രദായവും അംഗീകരിച്ചില്ല. അലിഗഡ് യൂണിവേഴ്സിററി പോലുള്ള സ്ഥാപനങ്ങൾ പടിഞ്ഞാൻ സമ്പ്രദായം അപ്പടി സ്വീകരിച്ചതിനാൽ അവിടെ കറുത്ത ഇംഗ്ലീഷുകാരെ ഉല്പാദിപ്പിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങൾ അറവ്ശാലകളാണെന്ന് അമൃതസർറിലെ സമ്മേളനത്തിൽ മൗദൂദി തുറന്നടിച്ചു. ഈ സ്ഥാപനങ്ങളിലെ ഡിഗ്രികൾ മരണത്തിനുള്ള സാക്ഷിപത്രങ്ങളാണ് ((*തഅ്ലീമാത്*, 1991, 45). അലിഗഡിൽ പഠിക്കുന്നവരെ ജമാഅത്ത് നേതാക്കൾ വിലക്കി. അവിടെ പഠിച്ചു കൊണ്ടിരുന്ന തങ്ങളുടെ മക്കളെ പിൻവിക്കുകയും ചെയ്തു. പല മക്കളും ജമാഅത്തുകാരായ പിതാക്കളുടെ നിർദേശം മാനിക്കാതെ അലിഗഡിൽ പഠനം തുടർന്നു.  മററ് സ്ഥാപനങ്ങളിൽ □പഠക്കുന്നവരും ഇപ്രകാരം പഠനം ഉപേക്ഷിച്ചു. 1957 വരെ ഈ നിബന്ധനകൾ തുടർന്നു.  മിശ്ര വിദ്യാഭ്യാസത്തെ നാശകരമെന്ന് മൗദൂദി മുദ്ര കുത്തി. പാശ്ചാത്യൻ വേഷം, സംഗീതം എന്നിവയും മൗദൂദി അംഗീകരിച്ചില്ല.

**ഇന്ത്യ ദാറുൽ കുഫ്ർ**

പാകിസ്ഥാൻ യാഥാർഥ്യമായപ്പോൾ മൗദൂദി പാകിസ്ഥാനിൽ താമസമാക്കുകയും ഇന്ത്യയെ ദൈവ നിഷേധത്തി(ദാറുൽ കുഫ്ർ) ന്റെ നാടെന്ന് പ്രസ്താവിക്കുകയും ചെയ്തു (*റസാഇൽ വൊ മസാഇൽ*, 1951/ 2001, ഡൽഹി). പാകിസ്ഥാനിലുള്ളവർ ഇന്ത്യയിലുള്ളവരെ വിവാഹം ചെയ്യരുതെന്ന് വരെ പ്രസ്താവിച്ചു കളഞ്ഞു. 1947ൽ മദ്രാസ് അഡ്രസ് എന്ന പേരിൽ ഇന്ത്യയിലുള്ള ജമാഅത്തുകാർക്കായി രൂപരേഖ തയാറാക്കി. പാകിസ്ഥാനിലും ഇന്ത്യയിലും ഇസ്‌ലാമിക വിപ്ലവം താമസിയാതെ സാധ്യമാവുമെന്ന് അദ്ദേഹം പ്രവചിച്ചു. രാജ്യത്തെ അരക്ഷിതാവസ്ഥ മുതലെടുത്ത് കമ്യൂണിസ്ററുകൾ രംഗത്ത് വരുന്നതിന് ഏത് വിധേനയും തടയിടാൻ അദ്ദേഹം നിർദേശിച്ചു. ഇസ്‌ലാമിന് തന്നെയാണ് വിജയമെന്നും ഇസ്‌ലാമിക വിപ്ലവം യാഥാർഥ്യമാവുമെന്നും പറഞ്ഞു (*ഖുതുബായെ മദ്രാസ്*, 1996) ഇസ്‌ലാമിക വിപ്ലവത്തെ  കുതന്ത്രങ്ങളില്ലാത്ത ഹിന്ദുക്കൾ സ്വാഗതം ചെയ്യുമെന്നും അദ്ദേഹം പ്രത്യാശിച്ചു. പത്താൻ കോട്ടിലെ ഒരു യോഗത്തിൽ വച്ച് ഹിന്ദുക്കൾ സെക്കുലറിസ്ററ് ജനാധിപത്യത്തെ അനുകൂലിക്കരുതെന്ന് അഭ്യർഥിച്ചു. ആധുനിക സ്റേററ് എങ്ങനെ നടത്തിക്കൊണ്ടുപോകണമെന്ന് അന്വേഷിച്ച് വേദ ഗ്രന്ഥങ്ങളിൽ പരതാൻ ആവശ്യപ്പെട്ടു. അങ്ങനെ ഒന്ന് ലഭിക്കുന്നില്ലെങ്കിൽ അതിനർഥം അത് കാലങ്ങളായി അത്തരം നിർദേശങ്ങൾ കൈവിട്ട് പോയതായിരിക്കാം. പക്ഷേ, ഭയപ്പെടേണ്ട. ഇസ്‌ലാമിക സ്റേററ് ഹിന്ദുക്കളുടേത് കൂടിയാണ്. ഇസ്‌ലാം നിങ്ങളെ സഹായിക്കും. (*ജമാഅത്ത് ഇസ്‌ലാമി കീ ദഅ്വത്*, ഡൽഹി, 31-32)

ഇന്ത്യയിൽ ഹിന്ദു രാജ്യം വന്നാലും വേണ്ടില്ല; മത നിരപേക്ഷതയേയും ജനാധിപത്യത്തേയും എല്ലാവിധേനയും എതിർക്കണമെന്നാണ് മൗദൂദി ആവശ്യപ്പെട്ടത്. *അൽജിഹാദു ഫിൽ ഇസ്‌ലാം* എന്ന കൃതിയിൽ ദൈവ രാഷ്ട്രം കൊണ്ടു വരാൻ ജിഹാദ് തന്നെ വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.മൗദൂദിയുടെ തന്നെ വാക്കുകളിൽ: ''നമ്മുടെ പക്ഷത്ത് പ്രസ്തുത മൂന്ന് തത്വങ്ങളും (ദേശീയത, സെക്കുലറിസം, ജനാധിപത്യം) അബന്ധ ജടിലങ്ങളാണ്. അബദ്ധ ജടിലങ്ങളെന്ന് മാത്രമല്ല; മനുഷ്യനിന്ന് അടിമപ്പെട്ടു പോയിട്ടുള്ള സകല ദുരിതങ്ങളുടേയും വിനാശങ്ങളുടേയും നാരായ വേര് ആ തത്വങ്ങളാണെന്ന് കൂടി നാം ദൃഢമായി വിശ്വസിക്കുന്നു. നമ്മുടെ വിരോധം വാസ്തവത്തിൽ അതേ തത്വങ്ങളോടത്രെ. നാം നമ്മുടെ മുഴു ശക്തിയുമപയോഗിച്ച് അവക്കെതിരെ സമരം നടത്തിയേ തീരൂ.' (മൗദൂദി, *മതേതരത്വം, ദേശീയത്വം, ജനാധിപത്യം, ഒരു താത്വിക വിശകലനം*, ഐ. പി.എച്ച്, കോഴിക്കോട്, 1960,1991, 15). 'മതേതരത്വം ആദ്യമേ ജനങ്ങളെ ദൈവഭയ ശൂന്യരും സനാതന ധാർമിക തത്വങ്ങളിൽ നിന്ന് വിമുക്തരും ആക്കിത്തീർത്തു. അവർ തന്മൂലം ലഗാനില്ലാത്ത, ഉത്തരവാദിത്ത ബോധമില്ലാത്ത തനി സ്വേഛാപൂജകരായി കഴിഞ്ഞു. അനന്തരം ദേശീയ വാദം അവരെ ജനകീയ സ്വാർഥത്തിന്റേയുംഅന്ധമായ ദേശീയ പക്ഷപാതത്തിന്റേയും മുഴുത്ത അഹങ്കാരത്തിന്റേയും മദ്യം കുടിപ്പിച്ചു മത്തൻമാരാക്കി. ഇപ്പോഴിതാ ജനാധിപത്യം ലഗാനില്ലാത്തവരും, മത്തു പിടിച്ചവരും താന്തോന്നിത്ത പൂജകരുമായ ജനങ്ങളുടെ സാമൂഹ്യാഭിലാഷങ്ങൾക്ക് നിയമ നിർമാണത്തിനുള്ള പൂർണാധികാരം സമ്മാനിച്ചിരിക്കുന്നു(അതേ പുസ്തകം: 22). മുസൽമാൻമാരോട് മൗദൂദി ഇപ്രകാരം ആഹ്വാനം ചെയ്യുക കൂടി ചെയ്യുന്നു: 'ആധുനിക മതേതര ദേശീയ ജനാധിപത്യം

നിങ്ങളുടെ ഇസ്‌ലാമിനും ഈമാനിനും കടക വിരുദ്ധമാണ്. നിങ്ങളതിന് മുമ്പിൽ സർവാത്മനാ തല കുനിക്കുകയാണെങ്കിൽ അത് നിങ്ങളുടെ വിശുദ്ധ ഖുർആനെ പുറകോട്ട് വലിച്ചെറിയലായിരിക്കും. നിങ്ങളതിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും പങ്കു വഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരു ദൂതനോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. നിങ്ങളതിന്റെ കൊടി പിടിക്കുകയാണെങ്കിൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജ്യദ്രോഹക്കൊടി ഉയർത്തലായിരിക്കും. ഏതൊരു പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകളെന്ന് നിങ്ങൾ സ്വയം അവകാശപ്പെടുന്നണ്ടോ, അതിന്റെ ആത്മാവും ഈ അവിശുദ്ധ വ്യവസ്ഥിതിയുടെ ആത്മാവും തമ്മിൽ തുറന്ന സമരത്തിലാണ്. അതിന്റെ മൗലിക തത്വങ്ങളും ഇതിന്റെ മൗലിക തത്വങ്ങളും തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്. അതിന്റെ ഓരോ ഘടകവും ഇതിന്റെ ഓരോ ഘടകവുമായി സന്ധിയില്ലാത്ത യുദ്ധത്തിലാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്‌ലാം യോജിക്കുന്ന ഒരൊററ പോയിന്റുമില്ല. ആ വ്യവസ്ഥിതിയുടെ അധികാരം വാഴുന്നിടത്ത് ഇസ്‌ലാം വെറും ജല രേഖയായിരിക്കും□. നിങ്ങൾ പരിശുദ്ധ ഖുർആനും തിരു ദൂതരും ആവിഷ്കരിച്ച ഇസ്‌ലാമിലാണ് യഥാർഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെ ആയിരുന്നാലും ശരി, മതേതര ഭൗതിക സിദ്ധാന്തങ്ങളിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കകയും പകരം ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ആ മാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചു കൂടാത്ത മത കർത്തവ്യം മാത്രമാകുന്നു(അതേ പുസ്തകം:31-32). താനുദ്ദേശിക്കുന്ന ഇസ്‌ലാമിന്റെ ഭരണം സ്ഥാപിക്കാൻ സമരത്തിനിറങ്ങണമെന്നാണ് മൗദൂദി ഇവിടെ ആഹ്വാനം ചെയ്യുന്നത്. ജനാധിപത്യവും മതേതരത്വവും മതത്തെ നിഷേധിക്കുന്ന (കുഫ്ർ) വ്യവസ്ഥകളാണെന്ന് മൗദൂദി ആവർത്തിക്കുന്നു.

==================================================